DESPATCHED
On.21/.12./21.

23/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1595(2)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.8715/SIC-Gen6/2016**

**സന്നിഹിതൻ**

**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 നവംബർ 23**

ശ്രീ. എ.എം.ജോൺ,
അത്തിപ്പൊഴി വീട്,
മുണ്ടംവേലി പി.ഒ.,
(നേവി നഗറിന് സമീപം),
കൊച്ചി – 682 507.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
രാമേശ്വരം വില്ലേജ് ഓഫീസ്,
പള്ളുരുത്തി, കൊച്ചി.
2. അപ്പീൽ അധികാരി
തഹസിൽദാർ,
താലൂക്ക് ഓഫീസ്, കൊച്ചി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 18.2.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.3.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.4.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 11.5.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.7.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.7.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.7.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 3.9.2016 |
| ഹിയറിംഗ് സ്ഥലം & തീയതി | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാൾ, 17.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. എ.എം. ജോൺ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടി കളയവാതും ബോധപൂർവ്വം രേഖകൾ ഒളിപ്പിച്ചുകൊണ്ടുള്ളതും അറിയാനുള്ള അവകാശത്തെ നിഷേധിച്ചുകൊണ്ടുള്ളതുമാകയാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും എന്നാൽ ടിയാനെ നേരിൽ കേൾക്കാതെ പക്ഷപാതം പുലർത്തിക്കൊണ്ട് വളരെ

അലസമായ രീതിയിൽ നിരുത്തരവാദപരമായിട്ടുള്ള ഉത്തരവാണ് രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ചിട്ടുള്ളതെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖാപകർപ്പുകൾ ലഭ്യമാക്കുന്നതിനും ടിയാനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ചവരുത്തിയ എതിർകക്ഷികൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 18.2.2016 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. രാമേശ്വരം വില്ലേജിലെ സർവ്വെ 352/1-ൽപ്പെട്ട ഭൂമിയുടെ (ഒ.എ 68/80 പ്രകാരം 5.6.1981-ൽ 3965-നമ്പർ സർട്ടിഫിക്കറ്റായുള്ള) പട്ടയത്തിൽ നിന്നും തിരിഞ്ഞിട്ടുള്ള എത്ര ആധാരങ്ങൾ പോക്കുവരവ് നടത്തിയിട്ടുണ്ടെന്നും
എ) അവ രേഖപ്പെടുത്തിയിട്ടുള്ള തണ്ടപ്പേരു കണക്കിന്റെ ശരിപ്പകർപ്പ് നൽകണമെന്നും ബി) പ്രസ്തുത ഭൂമിയുടെ ബി.ടി.ആർ-ന്റെ ശരിപകർപ്പ് നൽകണമെന്നും സി) ടി ഭൂമിയുടെ സെറ്റിൽമെന്റ് രജിസ്റ്ററിന്റെ ശരിപ്പകർപ്പ് നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായും ഉപ ഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 14.3.2016, 5.4.2016 എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി മറുപടി കളയവായതും ബോധപൂർവ്വം രേഖകൾ ഒളിപ്പിച്ചുകൊണ്ടുള്ളതും അറിയാനുള്ള അവകാശത്തെ നിഷേധിച്ചുകൊണ്ടുള്ളതുമാണെന്ന് പരാതിപ്പെട്ടുകൊണ്ട് സമർപ്പിച്ച അപ്പീൽ ഹർജിന്മേൽ രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചിട്ടുള്ളത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങളിൽ വില്ലേജ് റിക്കാർഡുകൾ പരിശോധിച്ച് മറുപടി നൽകിയിട്ടുള്ളതാണെന്നും നിയമാനുസൃത ഫീസ് ഒടുക്കണമെന്ന് കാണിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തപാൽ മുഖേന വിവരം അറിയിച്ചിട്ടുള്ളതാണെന്നും ഫീസ് ഒടുക്കിയതിനെ തുർന്ന് വില്ലേജ് ഓഫീസിൽ ലഭ്യമായിട്ടുള്ള രേഖകളുടെ പകർപ്പുകൾ 8.4.2016-ൽ നൽകിയിട്ടുള്ളതാണെന്നും കൂടാതെ അപേക്ഷകൻ ആവശ്യപ്പെട്ട ഭൂമിയുടെ ബി.ടി.ആർ-ന്റെ 2010 മുതൽ 2016 വരെയുള്ള ശരി പകർപ്പുകൾ നൽകുന്നത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്നതിനാൽ ആയത് നൽകുവാൻ സാധിക്കാത്തതിനാൽ ഖേദിക്കുന്നു എന്ന് എസ്.പി.ഐ.ഒ അറിയിച്ചിട്ടുള്ളതായി കാണുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, രാമേശ്വരം വില്ലേജ് ഓഫീസിൽ നിന്നും 14.3.2016 തീയതിയിൽ 11/16 നമ്പറായി വിവരാവകാശ നിയമ പ്രകാരം കക്ഷിക്ക് നൽകിയിട്ടുള്ള മറുപടി വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചതിൽ നിന്നും ലഭിച്ച സത്യസന്ധമായ വിവരങ്ങളാണെന്നും ലഭ്യമായ രേഖകൾ ഒന്നും ഒളിപ്പിച്ചിട്ടില്ലെന്നും രാമേശ്വരം വില്ലേജിൽ സർവ്വെ 352/1-ൽപ്പെട്ട ഭൂമിയിൽ 8 പോക്കുവരവുകൾ നടത്തിയിട്ടുള്ളതായിട്ടാണ് വില്ലേജ് രേഖകൾ പരിശോധിച്ചതിൽ കാണുവാൻ സാധിച്ചിട്ടുള്ളതെന്നും വിശദമായ തിരച്ചിൽ നടത്തിയിട്ടും നാലു ഫയലുകളാണ് ലഭ്യമായതെന്നും ടി നാലു ഫയലുകളുടേയും പകർപ്പുകൾ കക്ഷിക്ക് നൽകിയിട്ടുള്ളതാണെന്നും ലഭ്യമായ 4 ഫയലുകൾ

പരിശോധിച്ചതിൽ ഒ.എ 68/80 പട്ടയത്തിൽ നിന്നും വന്നിട്ടുള്ള ഭൂമിയായി കാണുന്നില്ലെന്നും തികച്ചും സത്യസന്ധമായ വിവരങ്ങളാണ് നൽകിയിട്ടുള്ളതെന്നും വില്ലേജ് ഓഫീസറായി ശ്രീ. ഗോപാലകൃഷ്ണകമ്മത്ത് ചുമതലയെടുത്തപ്പോൾ പോക്കുവരവ് ഫയലുകൾ ഓരോന്നായി രേഖാമൂലം കൈപ്പറ്റാത്തതിനാൽ ടിയാൻ ചാർജ്ജെടുത്ത സമയത്ത് ടി 4 ഫയലുകൾ ഉണ്ടായിരുന്നോ എന്നത് വ്യക്തമല്ലാത്തതാണെന്നും നിലവിൽ അപേക്ഷ ലഭിച്ച തീയതിയിൽ തിരച്ചിൽ നടത്തിയപ്പോൾ ഫയലുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് കക്ഷിയെ അറിയിച്ചിട്ടുള്ളതാണെന്നും ശ്രീ. ജോസഫ് ജോജോ എന്നയാളുടെ ഭൂമി രാമേശ്വരം വില്ലേജ് സർവ്വെ 352/1-ൽ ഉൾപ്പെട്ടതാണെങ്കിലും ടിയാൻ പോക്കുവരവിന് അപേക്ഷ സമർപ്പിച്ച മുറയ്ക്ക് എതിർകക്ഷി ഓഫീസിൽ നിന്നും തെറ്റായി സർവ്വെ 391/2 എന്ന് റിപ്പോർട്ട് ചെയ്യുകയും കൊച്ചി തഹസിൽദാരുടെ എസ്5-20279/15 നമ്പർ ഫയൽ പ്രകാരം 13/01/16-ൽ പോക്കുവരവ് പാസ്സായിട്ടുള്ളതും സർവ്വെ 341/12-ൽ തെറ്റായി പി-21457 നമ്പറായി തണ്ടപ്പേർ പിടിച്ചിട്ടുള്ളതുമാണെന്നും ആയതിനാലാണ് അപേക്ഷയിൽ 352/1 സർവ്വെയുടെ വിവരങ്ങൾ ചോദിച്ചതിൽ ടി പോക്കുവരവിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി മറുപടി നൽകുവാൻ സാധിക്കാതെ വന്നതെന്നും അപേക്ഷയിൽ ശ്രീ. ജോസഫ് ജോജോയുടെ പോക്കുവരവ് എന്ന് പ്രതിപാദിച്ചതിനാലാണ് ടി പേര് വച്ച് തിരച്ചിൽ നടത്തിയതും മേൽപറഞ്ഞ പിശക് തിരിച്ചറിഞ്ഞതെന്നും ടി പോക്കുവരവ് ഫയലിൽ സർവ്വെ നമ്പർ തിരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിച്ചു എന്നും ടി ഭൂമി ഒ.എ 68/80 പട്ടയത്തിൽ നിന്നു വരുന്നതായി കാണുന്നുവെന്നും അപേക്ഷ പ്രകാരം കക്ഷി ആവശ്യപ്പെട്ടതനുസരിച്ച് തണ്ടപ്പേരുകളുടെ ശരിപകർപ്പുകളാണ് നൽകിയിരുന്നതെന്നും പി-13386 നമ്പർ പ്രകാരം ശ്രീ. എ.എം.തോമസിന്റെ പേരിൽ 1.32 ആർ ഭൂമിയാണ് തണ്ടപ്പേർ പിടിച്ചിരിക്കുന്നതെന്നും ടി വിസ്തീർണ്ണം തന്നെയാണ് തണ്ടപ്പേർ പകർപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആധാര പ്രകാരം ശ്രീ. എ.എം. തോമസിന് 03.97 സെന്റ് ഭൂമിയാണെങ്കിലും സ്ഥലം പരിശോധിച്ചതിൽ 3.250 സെന്റ് ഭൂമി മാത്രമെ ഉള്ളൂ എന്നതിനാൽ 2010-11 ൽ പോക്കുവരവ് അപ്രകാരമാണ് ചെയ്തിട്ടുള്ളതെന്നും അപേക്ഷയിലെ 3-ാം ഇനത്തിൽ സർവ്വെ 352/1 ഭൂമിയുടെ ബി.ടി.ആർ-ന്റെ 2010 മുതൽ 2016 വരെയുള്ള ശരിപകർപ്പുകളാണ് കക്ഷി ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയത് നൽകുന്നത് ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്ന് കക്ഷിയെ അറിയിച്ചിട്ടുള്ളതാണെന്നും കൊച്ചി താലൂക്കിലെ താരതമ്യേന ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ള ടി വില്ലേജിൽ സർട്ടിഫിക്കറ്റുകളുടെയും മറ്റും തിരക്കുകൾ കൂടുതലായതിനാൽ കക്ഷിയുടെ ടി ചോദ്യത്തിന് മറുപടി നൽകണമെങ്കിൽ ഒന്നോ രണ്ടോ ഉദ്യോഗസ്ഥർ ദിവസങ്ങൾ ഇതിനുമാത്രമായി ചിലവിടേണ്ടിവരുമെന്നും ഇത് മറ്റ് പൊതു ജനങ്ങൾക്ക് നൽകേണ്ടുന്ന കാര്യത്തിന് തടസ്സം വരുത്തുന്നതാണെന്നും വിവരാവകാശ നിയമം എന്ന മഹത്തായ അവകാശത്തെ ദുർവിനിയോഗം ചെയ്ത് നിരന്തരം അപേക്ഷകൾ വെച്ച് ഉദ്യോഗസ്ഥരെ ബുദ്ധിമുട്ടിക്കുന്ന ഒരു പ്രവണത അപേക്ഷകനിൽ നിന്നു ഉണ്ടാകുന്നുണ്ടെന്നും ഈ നിലപാട് മുൻ വില്ലേജ് ഓഫീസർ ശ്രീ. ജോസഫ് ആന്റണി ഹെർട്ടീസ് സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് നേരിട്ട് പരാതി സമർപ്പിച്ചിട്ടുള്ളതായി അറിയുന്നു എന്നും 4-ാം ഇനത്തിന് വിശദമായ മറുപടി നൽകുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരൻ ബൃഹത്തായ ചോദ്യങ്ങൾ അടങ്ങിയ അപേക്ഷയാണ് എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിലുള്ള

അവരുടെ ചുമതലകളും നിർവ്വഹിക്കേണ്ടുന്നത് എന്നതിനാൽ ഇത്തരം ബൃഹത്തായ ചോദ്യങ്ങൾക്കുള്ള വിവരം ക്രോഡീകരിച്ച് നൽകുന്നത് താരതമ്യേന ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ള ടി വില്ലേജിലെ ദൈനംദിന പ്രവർത്തനത്തെ വളരെയധികം ബാധിക്കുമെന്ന വസ്തുത കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ ഒ.എ 68/80 പട്ടയത്തിൽ നിന്നും ഉണ്ടായിട്ടുള്ള പ്രമാണങ്ങൾ അടങ്ങുന്ന ഫയലുകൾ കാണാനില്ലെന്ന എതിർകക്ഷികളുടെ വിശദീകരണം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ രണ്ടാം എതിർകക്ഷി ഇക്കാര്യത്തിൽ ഒരു സീനിയർ ഉദ്യോഗസ്ഥനടങ്ങുന്ന ഒരു ടീമിനെ ചുമതലപ്പെടുത്തി തിരച്ചിൽ നടത്തി നഷ്ടപ്പെട്ടു എന്ന് പറയുന്ന ഫയലുകൾ കണ്ടെത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം സൗജന്യമായി നൽകേണ്ടതാണെന്നും അപ്രകാരം ടി ഫയലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെങ്കിൽ ടി ഫയൽ നഷ്ടപ്പെടുത്തിയതിന് ആരാണോ ഉത്തരവാദി എന്ന് കണ്ടെത്തി ടിയാന്റെ വിശദീകരണം സഹിതമുള്ള റിപ്പോർട്ട് ഈ ഉത്തരവ് കൈപ്പറ്റി 45 ദിവസത്തിനകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. പ്രസ്തുത റിപ്പോർട്ടും വിശദീകരണവും പരിശോധിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെടുന്നപക്ഷം 2010 മതൽ 2016 വരെയുള്ള ബി.ടി.ആർ-ന്റെ പകർപ്പ് നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പ് ഫീസ് ഒടുക്കി എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒന്നാം എതിർകക്ഷി അനുവദിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ 23–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk